സാഹിത്യവാരഫലം

1985/03/31 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1985/03/31-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഒരു കൊച്ചുപലകക്കഷണത്തിൽ ആ ചെറുപ്പക്കാരിയുടെ തലമുടി ചേർത്തുവച്ച് ഒരാണി അതിലമർത്തി ചുറ്റികകൊണ്ട് ആഞ്ഞടിച്ച് ആ മന്ത്രവാദി ചോദിക്കുകയാണ്: “നീയാരാണ്? നീ ഒഴിയുമോ?” മറുപടി: “ഞാൻ അങ്ങേവീട്ടിലെ സാവിത്രി. ഗർഭിണിയായിരിക്കെ മരിച്ചവൾ. ഞാൻ ഈ കമലമ്മയെയും കൊണ്ടേ പോകൂ.” അതു കേട്ടു മന്ത്രവാദി ഓം ഹ്രീം എന്ന മന്ത്രം ഉച്ചരിച്ച് പൂർവാധികം ശക്തിയോടെ ആണി തറച്ചു കയറ്റി. “നീ ഒഴിയുമോ?” എന്ന ചോദ്യവും മറ്റു മാർഗ്ഗമില്ലെന്നു കണ്ടപ്പോൾ കമലമ്മ അറിയിച്ചു: “ഒഴിയാം ഒഴിയാമേ.” മന്ത്രവാദി പല്ലു ഞെരിച്ചു. പുരികം വളച്ചു. “പോ, പോ” എന്ന് ആക്രോശിച്ചു. ആ ബാധ കഴിഞ്ഞോ ഇല്ലയോ എന്നതു നമ്മൾ ആലോചിക്കേണ്ടതില്ല. അടുത്ത വീട്ടിലെ മരിച്ച സാവിത്രിയുണ്ടല്ലോ. അവളുടെ ശബ്ദം കമലമ്മയുടെ ശബ്ദമായിരുന്നില്ല. സാവിത്രിയുടേതുമായിരുന്നില്ല. സാവിത്രിയുടെ ശബ്ദം ഞാൻ കേട്ടിട്ടുണ്ട്. കമലമ്മ എന്റെ ബന്ധുവായതുകൊണ്ട് അവളുടെ ശബ്ദം എനിക്കു പരിചിതമാണ് എന്ന് ഞാനെന്തിന് വായനക്കാരോടു പറയണം?…

ഞാൻ ശംഖുമുഖം കടപ്പുറത്തിരിക്കുകയാണ്. വിദൂരചക്രവാളത്തിലും നീലക്കടലിലും തരുണികളുടെ കവിൾത്തടത്തിലും റോസാപ്പൂക്കൾ. അപ്പോഴുണ്ട് ഹിപ്പി യുവാക്കന്മാരും ഹിപ്പി യുവതികളും കടലിനടുത്തേക്കു ദൂരെയുള്ള റോഡിൽ നിന്നു നടന്നുവരുന്നു. അവർ ആ അന്തരീക്ഷവുമായി യോജിക്കുന്നില്ല. കടപ്പുറത്തെ വെൺമണലിൽ അവർ വന്നിരുന്നു. എന്നിട്ടും ആ പഞ്ചാരമണൽ അവരെ അംഗീകരിക്കുന്നില്ല…



അതാ നോക്കൂ. യാനപാത്രങ്ങൾ—വഞ്ചികളല്ല, കപ്പലുകൾ—തീരം തേടി വരുന്നുണ്ട്. ഈ ശതാബ്ദത്തിന്റേതാണോ അവ? അല്ല. പതിനെട്ടാം ശതാബ്ദത്തിൽ യാത്ര ആരംഭിച്ച് ഇരുപതാം ശതാബ്ദത്തിന്റെ അന്ത്യമായപ്പോഴേക്കും ശംഖുംമുഖത്തിന് തൊട്ടപ്പുറത്തുള്ള കടല്പാലത്തിലേക്കു അടുക്കുകയാണ് അവ. സാവിത്രിയുടെ ശബ്ദം അപരിചിതം: ഹിപ്പികളുടെ സാന്നിദ്ധ്യം അപരിചിതം; യാനപാത്രങ്ങൾ അപരിചിതം. നവീന സാഹിത്യവും ഇതുപോലെയാണ്. അതിൽ സായാഹ്നരാഗമില്ല. നീലജലത്തിന്റെ ഉപരിതലത്തിൽ വീണ അരുണിമയില്ല. സുന്ദരികളുടെ കവിൾത്തടത്തിലെ റോസാപ്പൂക്കളില്ല. തികച്ചും വൈദേശികം.

ഐസ്ക്രീം—ചെറി

ഭക്ഷണശാലയിൽ ചെന്നിട്ട് ‘ഐസ്ക്രീം’ കൊണ്ടുവരൂ എന്നു പറഞ്ഞാൽ അര മണിക്കൂർ കഴിഞ്ഞ് വെള്ളസ്പൂട്ടും കിണ്ണരിത്തൊപ്പിയും വച്ച ഒരു പാവം അതു നമ്മുടെ മുൻപിൽ കൊണ്ടുവയ്ക്കും. ഐസ്ക്രീം എന്ന വെള്ളക്കുമ്പാരത്തിൽ ഒരു ‘ചെറി’ കുടി വച്ചിരിക്കും. ആ ചുവന്ന പഴത്തിന് ഭംഗിയുണ്ടെങ്കിലും ഐസ്ക്രീമിനോടു ബന്ധമില്ലെന്ന ഒരു തോന്നൽ നമുക്ക്. എൻ. പി. രാജശേഖരന്റെ ‘ഉരുളാംപാറ’ എന്ന ചെറുകഥയിലെ സിംബൽ—ഉരുളാംപാറ എന്ന പ്രതീകം—കഥയുടെ ഐസ്ക്രീമിൽ വച്ച ചെറി എന്ന പഴമാണ് (കുങ്കുമം വാരിക). ചേർച്ചയില്ല. എങ്കിലും വേണമെങ്കിൽ സ്പൂണിൽ കോരിയെടുത്തു വായ്ക്കകത്തേക്ക് ഇടാം. ചവയ്ക്കാം. കുരു തുപ്പിക്കളയുകയും ചെയ്യാം. ഗ്രാമത്തിലെ ഉരുളാംപാറ കൊള്ളരുതാത്തവരെ കൊന്നു കളയും. കറപ്പേർ പാറയ്ക്ക് എതിരായി ഹർജി കൊടുത്തപ്പോൾ രാത്രി അതു ഉയരത്തിൽ നിന്നു താഴോട്ടു വീണ് ടേൺ ചെയ്യേണ്ടിടത്തു ടേൺ ചെയ്ത് പെറ്റിഷനേഴ്സിനെ മാത്രം കൊന്നിട്ട് സ്വന്തം സ്ഥാനത്ത് കയറിയിരുന്നു. അങ്ങനെയിരിക്കെ ശരീരശക്തിയാർന്ന ഒരു കൂലിക്കാരൻ അവിടെയെത്തി. പാറയുടെ നേരേ താഴെ താമസിക്കാൻ ഒരുമ്പെട്ടു. കഥ പറയുന്ന ആളിനു പേടി. അവനെയും തന്നെയും പാറ ഉരുണ്ടു വന്നു വീഴ്ത്തുമോയെന്ന്: തങ്ങളെ രണ്ടുപേരെയും അതു ചതച്ചരച്ചു കളയുമോ എന്ന്. ഈ ചെറിപ്പഴം അയവ് ഒട്ടുമില്ലാത്ത നിയമമായിരിക്കാം. എന്തായാലും കഥാകാരൻ മനസ്സിന്റെ ഉപരിതലം കൊണ്ടു സൃഷ്ടിച്ചു വച്ച ഒരു പ്രതീകമാണത്. പതിനെട്ടാം ശതാബ്ദത്തിൽ യാത്ര തുടങ്ങി ഇരുപതാം ശതാബ്ദത്തിൽ കടൽപ്പാലത്തിലേക്ക് അടുക്കാൻ ശ്രമിക്കുന്ന യാനപാത്രം. അല്ലെങ്കിൽ ഐസ്ക്രീമിൽ ചേർച്ചയില്ലാതെയിരിക്കുന്ന ചെറിപ്പഴം.

സ്വർണ്ണാഭരണങ്ങളിൽ തിളക്കമുള്ള കല്ലുകൾ വയ്ക്കുന്നതു പോലെ ആഖ്യാനത്തിൽ പ്രതീകങ്ങൾ വച്ചാൽ പ്രയോജനമില്ല. കല്ലുവച്ച ആഭരണങ്ങൾ ബാങ്കുകാർ പണയവസ്തുക്കളായി സ്വീകരിക്കില്ല. അലിഗറിയുടെ മട്ടിലുള്ള രചനകൾ സഹൃദയന്മാർക്കും വേണ്ട.

മൂക്കെടുപ്പ്

എം. പി. മന്മഥൻ “മൂക്കെടുത്തു കളിപ്പിക്കുന്ന”തിനെക്കുറിച്ചു പറയാറുള്ളത് ഓർമ്മയിലെത്തുന്നു. കുഞ്ഞുങ്ങൾ വളർന്നു പ്രായമെത്തുമ്പോൾ നല്ല മൂക്കുള്ളവരായിരിക്കണമെങ്കിൽ കൊച്ചിലേ അവരെ കളിപ്പിക്കുമ്പോൾ മൂക്ക് എണ്ണതേച്ച് വേണ്ടപോലെ തടവണമല്ലോ. ഇതിനെയാണ് മൂക്കെടുത്തു കളിപ്പിക്കുക എന്നു വിളിക്കുന്നത്. ഒരമ്മ മകളെ ഇമ്മട്ടിൽ കളിപ്പിച്ചില്ല. അവൾ വളർന്നു. വിവാഹം നിശ്ചയിച്ചു. കല്യാണ മണ്ഡപത്തിലിരിക്കുകയാണ്. വരൻ താലികെട്ടാൻ പോകുന്നു. അപ്പോൾ ആരോ പറഞ്ഞു പെണ്ണിന്റേതു ചപ്പമൂക്കാണെന്ന്; മൂക്കെടുത്തു കളിപ്പിക്കാത്തതിന്റെ തകരാറാണ് അതെന്ന്. ഇതു കേട്ടയുടനെ തള്ള കല്യാണമണ്ഡപത്തിലേക്ക് ഓടിക്കയറി പെണ്ണിന്റെ മൂക്കുപിടിച്ചുവലിക്കാനും തടവാനും തുടങ്ങി.

നമ്മുടെ കഥാനാസികകൾ പതിമൂക്കുകളോ ചപ്പമൂക്കുകളോ ആണ്. വേണ്ട സമയത്ത് അവയെ എണ്ണ പുരട്ടി രൂപപ്പെടുത്തി എടുത്തിരുന്നെങ്കിൽ ഇന്നു കാണുന്ന വൈരൂപ്യം വരികില്ലായിരുന്നു. മനോരമ ആഴ്ചപ്പതിപ്പിൽ ഇതാ ഒരു ചപ്പമൂക്ക്—‘അഷിത’ (ഷെരീഫ്, നെടുമങ്ങാട്). ഒരുത്തൻ വിവാഹം കഴിക്കാൻ പോകുന്നവൾക്കു സുഖമില്ലെന്നറിഞ്ഞ് അവളെ കാണാൻ ചെല്ലുന്നു. അവൾ റിസ്റ്റ് വാച്ച് കെട്ടി കിടക്കുന്നു. എതിരെയുള്ള ചുവരിൽ വലിയ നാഴികമണിയുണ്ട്. അതുള്ളപ്പോൾ റിസ്റ്റ് വാച്ച് എന്തിന്? ‘പ്രൗഢി’ക്കു വേണ്ടിയല്ലേ? ഭാവി ഭർത്താവിനുള്ള സംശയം ഭാവി പതി ദൂരീകരിച്ചു. “വിനയേട്ടന് അറിയുമോ ആ ക്ലോക്ക് ചലിക്കാതെയായിട്ട് രണ്ടു മാസം കഴിഞ്ഞു. അപ്പോൾ കൈത്തണ്ടയിൽ വാച്ച് കെട്ടാതെ ഞാനെന്തു ചെയ്യും?” അതു കേട്ട് അയാൾ “ക്ഷമിക്കൂ മുത്തേ, ക്ഷമിക്കൂ” എന്നു പറയുമ്പോൾ കഥ അവസാനിക്കുന്നു. ഇമ്മട്ടിലുള്ള ചെറുകഥകൾ ഉണ്ടായിത്തുടങ്ങിയ കാലം തൊട്ടു പത്രമാപ്പീസുകളിലെ ചവറ്റുകുട്ടകളിൽ എറിയേണ്ടതായിരുന്നു. അതു തന്നെയാണ് നാസികാചികിത്സ. ഇനി പറഞ്ഞിട്ടു പ്രയോജനമില്ല. ചൈനാ മൂക്കോടുകൂടി കഥാംഗന മനോരമ എന്ന കല്യാണമണ്ഡപത്തിൽ കയറിയിരിക്കുന്നു. എണ്ണകൊണ്ടും തടവൽകൊണ്ടും ഒരു പ്രയോജനവുമില്ല.

പരാജയപ്പെട്ട കഥ

അനേകം യൂണിറ്റുകളടെ—ഏകകങ്ങളുടെ—ഘോഷയാത്രയോ പ്രവാഹമോ ആണ് ജീവിതം. ഈ ഘോഷയാത്രയെ അല്ലെങ്കിൽ പ്രവാഹത്തെ അതു പോലെ ചിത്രീകരിക്കാം. അല്ലെങ്കിൽ ഒരു യൂണിറ്റിന് എല്ലാ പ്രാധാന്യവും നല്കി ആവിഷ്കാരമാകാം. തിരഞ്ഞെടുപ്പു ജോലിക്കു പോകുന്ന ഒരാളിന് ഒരു ബോൾപോയിന്റ് പേനയുണ്ട്. കാമുകി കടിച്ചു പാടുവരുത്തിയ പേന. അതു മറ്റൊരാൾക്ക് എഴുതാൻ കൊടുക്കാൻപോലും അയാൾക്കു മടിയാണ്. തിരഞ്ഞെടുപ്പു ജോലിയിൽ ഏർപ്പെട്ടിരിക്കെ ആ പേന ഒരു സ്ത്രീക്കു കൊടുക്കേണ്ടിവന്നു. അയാൾക്ക് കാമുകിയുടെ ദന്തക്ഷതമേറ്റ പേന മറ്റൊരു സ്ത്രീയുടെ കൈയിൽ എത്തിയത് അബോധാത്മകമായിട്ടെങ്കിലും അയാൾക്ക് ഇഷ്ടപ്പെട്ടിരിക്കുകയില്ല. അതുകൊണ്ടു ചായക്കടയിൽ അതു കളഞ്ഞിട്ട് അയാൾ പോകുന്നു. കടക്കാരൻ അതു കണ്ടെടുത്തുകൊണ്ടു ബസ്സിന് പിറകേ ഓടുന്നു. പേന വീണ്ടും അയാളുടെ കൈയിൽ വന്നു ചേരുന്നു. ഇതാണ് ജി. എൻ. പണിക്കരുടെ “ഓർമ്മയിൽ ഉയരുന്ന സ്മാരകങ്ങൾ” (മാതൃഭൂമി ആഴ്ചപ്പതിപ്പ്) എന്ന ചെറുകഥ. ഇത്തരം കഥകൾ രചിക്കുമ്പോൾ തിരഞ്ഞെടുക്കുന്ന ഏകകത്തിന് എല്ലാവിധത്തിലും പ്രാധാന്യം നല്കാൻ കഥാകാരൻ ശ്രമിക്കണം. ഇല്ലെങ്കിൽ ആ ഏകകം വായനക്കാരനെ സ്പർശിക്കില്ല. ദന്തക്ഷതമേറ്റ പേന ഒരു ബാഹ്യപ്രേരകമാണ്. ആ ബാഹ്യപ്രേരകം പേനയുടെ ഉടമസ്ഥന്റെ അന്തരംഗത്തിൽ മറ്റു പ്രേരകങ്ങൾ ജനിപ്പിക്കുമ്പോൾ, അവയെ കഥാകാരൻ വേണ്ടപോലെ ചിത്രീകരിക്കുമ്പോൾ കഥ വിജയം പ്രാപിക്കും. ഈ രീതിയിലുള്ള മാനസിക പ്രവർത്തനത്തിന്റെ പ്രതിപാദനം ഇക്കഥയിൽ ഇല്ല. അതുകൊണ്ട് ജി. എൻ. പണിക്കർ തിരഞ്ഞെടുത്ത ഏകകം കഥയിലെ ബസ്സ്, മോശപ്പെട്ട ചായ ഇവപോലെ അപ്രധാനമായി ഭവിക്കുന്നു. എല്ലാ ഏകകങ്ങൾക്കും പ്രാധാന്യം നല്കി “തിരഞ്ഞെടുപ്പ്” എന്നതിന്റെ സവിശേഷതയും വ്യക്തമാക്കാം. അങ്ങനെ നോക്കിയാലും കഥാകാരന് വിജയമില്ല. എല്ലാവിധത്തിലും ഇത് പരാജയപ്പെട്ടിരിക്കുന്നു.

മണ്ടന്മാർ വായനക്കാർ

ഒരു പ്രായമൊക്കെ ആയിക്കഴിഞ്ഞാൽ സ്വഭാവം ഇരുമ്പുകുടം പോലെയാകും. അതിൽ മാറ്റം വരുത്താൻ കഴിയുകയില്ല. അതുകൊണ്ടു പ്രായമായവൻ ചെയ്യുന്ന തെറ്റിന് മാപ്പു കൊടുക്കുന്നതിൽ ഒരർത്ഥവുമില്ല. “ഒരിക്കലിതു സംഭവിച്ചു പോയി. ഇനി ഇതു ചെയ്യുകയില്ല” എന്നു പറയുന്നവനെ വിശ്വസിക്കു അടുത്ത ദിവസം അതേ തെറ്റ് അവൻ ചെയ്തിരിക്കും. ഒരു കല്ലെടുത്ത് ആയിരം തവണ മുകളിലേക്ക് എറിയൂ. ഓരോ തവണയും അതു താഴത്തേക്കുതന്നെ പോരും. എറിയുന്നവന്റെ തലയിൽ വന്നു വീണെന്നും വരും.

“എന്നെ മുകളിലേക്കു പോകാൻ പഠിപ്പിക്കുകയാണ്. ഞാൻ ഇനി മുകളിലേക്കു തന്നെ പോകും” എന്നു കല്ലു വിചാരിക്കില്ല. മനുഷ്യനും കല്ലും സദൃശമായി പെരുമാറുന്നു. ഒരിക്കൽ സ്ഫടികപാത്രം പൊട്ടിക്കുന്ന പരിചാരകൻ പതിവായി അതു പൊട്ടിക്കും. ഊർമ്മിള എന്ന പേരിൽ കുമാരി വാരികയിൽ “മൗനത്തിന്റെ തീരം” എന്ന കഥയെഴുതിയ ആൾ ഇതുപോലുള്ള പീറക്കഥകൾ ഇനിയും എഴുതും. ഡോക്ടറായ ഭാര്യയ്ക്കു ലൈംഗികാസക്തി കൂടുതലായതുകൊണ്ട് ഭർത്താവിനു കാലത്തു ക്ഷീണം. അതിനാൽ അയാൾക്ക് അവളോടൊരുമിച്ച് കാറിൽ പോകാൻ വൈകേണ്ടി വരുന്നു. ആശുപത്രിയിൽ വൈകിച്ചെന്നതുകൊണ്ട് അവൾ സസ്പെന്റ് ചെയ്യപ്പെടുന്നു. ഊർമ്മിളയുടെ ഭാഷയിലാണെങ്കിൽ “ഡോക്ടർ വിനോദിനി ഈസ് സസ്പെന്റ് പെന്റിംഗ് എൻക്വയറി” (നമ്മുടെ തിരുവനന്തപുരത്തെ കുന്നുകുഴി യൂണിവേഴ്സിറ്റിയിൽ പഠിച്ച ആരെങ്കിലുമായിരിക്കും ഈ സസ്പെൻഷൻ ഓർഡർ ഡ്രാഫ്റ്റ് ചെയ്തത്—ലേഖകൻ). ഈ കഥാസാഹസത്തെക്കുറിച്ച് ഞാനെന്താണ് പറയേണ്ടത്? ഫൂളിഷായിട്ടുള്ള കാര്യങ്ങൾ മനുഷ്യന്റെ മുഖത്തു നോക്കിപ്പറഞ്ഞാൽ അവൻ ചിരിക്കുമെന്നതുകൊണ്ട് കഥാകാരന്മാർ കഥകളെഴുതുന്നു. വായനക്കാരെ മണ്ടന്മാരാക്കുന്നു.

ശാസ്താംകോട്ട

പുനലൂർ ബാലൻ

വിത്തം, വിദ്യ, രോഗം ഇവ മൂന്നും അന്യരെ കാണിക്കരുത് എന്നാണ് സ്മൃതികാരന്റെ ഉപദേശം. എനിക്കു വിത്തമോ വിദ്യയോ രോഗമോ ഇല്ലാത്തതുകൊണ്ട് അവ പ്രദർശിപ്പിക്കപ്പെടുന്നില്ല. അപമാനനം സംഭവിച്ചാൽ (അപമാനം= insult; അപമാനനം= അപമാനിക്കൽ) അതും പുറത്തു പറയരുതെന്ന് നിയമം. ഈ ലേഖകൻ ആ നിയമം പാലിക്കാറില്ല. ശാസ്താംകോട്ടയിലെ കോളേജിൽ ഒരിക്കൽ പ്രസംഗിക്കാൻ പോയി. കൂടെ പുനലൂർ ബാലൻ, നബീസാ ഉമ്മാൾ. കൊണ്ടുപോയ ആൾ ജോൺ സാമുവൽ (ഇപ്പോൾ ടെലിവിഷൻ കേന്ദ്രത്തിൽ). ഞാൻ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ എഴുന്നേറ്റു. “ഇരിയെടാ പഴഞ്ചൻ സാഹിത്യകാരാ” എന്ന് ഒരു വിളി. കൂടെ കൂവലും കല്ലേറും, ഇരുന്നില്ല. ഒരു കല്ല് നെറ്റിയിൽ കൊണ്ടു രക്തമൊഴുകി. അപ്പോൾ ഇരുന്നു. “ഞാൻ സ്ത്രീയാണ്. എന്നെ കൂവുകയില്ല.” എന്നു പറഞ്ഞു നബീസ എഴുന്നേറ്റു. “ഇരിയെടി…” എന്നു വിളി. ഇരുന്നു. “ഞാൻ എസ്. എഫ്. ഐ.ക്കാരനാണ്. എന്നെ കൂവുകയില്ല എന്നു പുനലൂർ ബാലൻ.” എഴുന്നേറ്റു. ‘കൂ കൂ’. ഇരുന്നു. ഞാൻ പ്ലാറ്റ്ഫോമിൽ നിന്നു താഴത്തേക്കിറങ്ങിയപ്പോൾ കല്ല് എറിഞ്ഞ കുട്ടികൾ തന്നെ പഞ്ഞിയും സ്പിരിറ്റും കൊണ്ടു വന്നു ഡ്രസ്സ് ചെയ്യാൻ. “സാറിനോടുള്ള ദേഷ്യം കൊണ്ടല്ല ഞങ്ങൾ കൂവിയതും എറിഞ്ഞതും” അവർ മുറിവു തുടച്ചു. മരുന്നു വച്ചു തന്നു. ഞാൻ ശാസ്താംകോട്ടയിലാണ് ബാല്യകാലം കഴിച്ചു കൂട്ടിയത്. ശുദ്ധജലതടാകം അമ്പലത്തിനു ചുറ്റും പ്രശാന്തത. ആദ്ധ്യാത്മികാന്തരീക്ഷം എങ്ങും. എൻ. ബാലചന്ദ്രൻനായർ ശാസ്താംകോട്ടയെക്കുറിച്ച് കുമാരി വാരികയിലെഴുതിയതു വായിച്ചപ്പോൾ ഇത്രയും കുറിക്കണമെന്നുതോന്നി. അന്നു ഞങ്ങളെ കുട്ടികൾ പീഡിപ്പിച്ചപ്പോൾ മലയാളം പ്രൊഫസറായിരുന്ന ജി. ശങ്കരപ്പിള്ള (പ്രശസ്തനായ നാടക കർത്താവ്) വല്ലാതെ കോപിച്ചു. അദ്ദേഹം കുട്ടികളോടു കയർത്തു. ചില അദ്ധ്യാപകരോടും. ശാസ്താംകോട്ടയ്ക്ക് എല്ലാ മേന്മകളും കൈവരട്ടെ. ഇന്നത്തെ കുട്ടികൾക്ക് പഞ്ഞിയും സ്പിരിറ്റും മെർക്കുറോക്രോമും വേണമോ എന്നറിഞ്ഞുകൂടാ. അവർക്ക് അതു വേണമെങ്കിൽ ദേവസ്വം ബോർഡ് എത്തിച്ചുകൊടുക്കുമല്ലോ.



നബീസാ ഉമ്മാൾ

“വിദ്യാർത്ഥികളോട് നിങ്ങൾക്കു ദേഷ്യമുണ്ടോ?” എന്ന് എന്നോടു ചോദ്യം. “ഇല്ലേയില്ല” എന്ന് ഉത്തരം. കലാകൗമുദി അയയ്ക്കുന്ന ചെക്ക് പോസ്റ്റ്മാൻ കൊണ്ടുവന്നു തരുമ്പോൾ എനിക്ക് അയാളോടു സ്നേഹം. കോടതിയിലെ പ്യൂൺ സമൻസ് കൊണ്ടുവരുമ്പോൾ എനിക്ക് അയാളോടു ദേഷ്യം. രണ്ടുപേരും സർക്കാർ അനുശാസിച്ചതേ ചെയ്യുന്നുള്ളു. തങ്ങളെ അധഃപതിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രതിരൂപമായ കോളേജ് പ്രൊഫസറെ കുട്ടികൾ കല്ലെറിഞ്ഞാൽ ആ അദ്ധ്യാപകൻ എന്തിനു കോപിക്കണം?

ഡോ. എസ്. കൃഷ്ണകുമാർ

ആരോഗ്യത്തോടെ കഴിഞ്ഞുകൂടുന്നവനു പെട്ടെന്നു രോഗം വന്നാൽ അയാൾ ഡോക്ടറുടെ അടുക്കലേക്ക് ഓടുന്നു. അയാൾക്ക് അപ്പോൾ രോഗം ഭേദമാകണം. “ഡോക്ടർ എനിക്കു നാളെ ഒരു കോൺഫറൻസിനു പോകണം. ഇത് ഇന്നു ചികിത്സിച്ചു മാറ്റിയേ പറ്റൂ.” ഡോക്ടർ ആന്റിബയോട്ടിക്ക് കൊടുക്കുന്നു. ആ രോഗം ഭേദമായി അടുത്ത ദിവസം മറ്റൊരു രോഗം ആന്റിബയോട്ടിക്സിന്റെ ഫലമായി ഉണ്ടാകുന്നു. വേറെ ചിലർ സംശയാലുക്കളാണ്. കതകിന്റെ കുറ്റികൊണ്ടു വിരലൊന്നു പോറിയാൽ മതി. ഉടനെ ഡെറ്റോൾ ലോഷൻകൊണ്ട് അവിടം കഴുകുന്നു. ഡെറ്റോൾ ആന്റി സെപ്റ്റിക്ക് ഓയിന്റ്മെന്റ് പുരട്ടുന്നു. ആഴ്ചയിലൊരിക്കൽ മൂത്രം പരിശോധിക്കുന്നു, രക്തം പരിശോധിക്കുന്നു. മെഡിക്കൽ ബുക്ക് വായിച്ചു കിട്ടിയ അല്പജ്ഞാനം ഡോക്ടറുടെ മുൻപിൽവച്ച് സംശയങ്ങൾ ചോദിക്കുന്നു. ഡോക്ടർ നീരസം മറച്ചുവച്ച് മറുപടി നല്കുന്നു. തിരിച്ചു വീട്ടിലേക്കു പോരുമ്പോൾ കതിരലാടത്തിയിൽ ചവിട്ടിയെന്നിരിക്കട്ടെ. “ഹാ കാലിൽ ഒരു അബ്രേഷൻ ഉണ്ടല്ലോ. ഒരാന്റി ടെറ്റനസ് ഇൻജെക്ഷൻ എടുത്തു കളയാം” എന്നു തീരുമാനിക്കുന്നു. മരുന്നു കുത്തിവയ്പിക്കുകയും ചെയ്യും. ഈ രണ്ടുകൂട്ടരും പരിഹസിക്കപ്പെടേണ്ടവരാണ്. ഇവരിൽപ്പെടാതെ ചാഞ്ചല്യരഹിതരായിക്കഴിയുന്നവരുണ്ട്. രോഗം വന്നോ? എന്നാൽ ചികിത്സിക്കാം. അതിൽ തിടുക്കമില്ല, വെപ്രാളമില്ല. അങ്ങനെ നിയതമായി ജീവിക്കുന്നവർക്കു പ്രയോജനപ്പെടും ഡോക്ടർ എസ്. കൃഷ്ണകുമാറിന്റെ “നിങ്ങളും ഡോക്ടറും” എന്ന പംക്തി (ജനയുഗം വാരിക). വൈവിദ്ധ്യമുള്ള വിഷയങ്ങൾ അദ്ദേഹം ലളിതമായി പ്രതിപാദിക്കുന്നു. ജനങ്ങളുടെ ആരോഗ്യത്തിലാണ് ഡോക്ടർക്കു താല്പര്യം. ഓരോ ഉത്തരവും ഈ സത്യത്തിലേക്കു കൈചൂണ്ടുന്നു.

ഒരു നേരമ്പോക്ക് രോഗിയോട് സത്യം മുഴുവൻ പറയാൻ ഡോക്ടർ തീരുമാനിച്ചു. അദ്ദേഹം പറഞ്ഞു: “നിങ്ങൾ വലിയ രോഗിയാണെന്ന് എനിക്ക് പറയേണ്ടിയിരിക്കുന്നു. കാര്യങ്ങൾ യഥാർത്ഥസ്ഥിതിയിൽ അറിയാൻ നിങ്ങൾക്കും താൽപര്യമില്ലേ? പിന്നെ, വേറെ ആരെയെങ്കിലും നിങ്ങൾക്കു കാണണമെന്നുണ്ടോ?”

രോഗിയുടെ ദുർബ്ബലശബ്ദം “കാണണം”.

“ആരെ?” ഡോക്ടറുടെ ചോദ്യം.

“വേറൊരു ഡോക്ടറെ” രോഗിയുടെ മറുപടി.

നീന പ്രസാദ്

നീന പ്രസാദ്

ഞാനങ്ങനെ ടെലിവിഷൻ കാണാറില്ല. ഇന്നു സന്ധ്യക്ക് (6-3-85) ചിലങ്കയുടെ നാടകവും ചങ്ങമ്പുഴയുടെ “വാഴക്കുല” എന്ന കാവ്യത്തിലെ ഭാഗങ്ങളുടെ സംഗീതാത്മകമായ ആവിഷ്കാരവും കേട്ടപ്പോൾ ചെന്നു നോക്കി. തിരുവനന്തപുരം ഹോളി ഏയ്ഞ്ജൽസ് കോൺവെന്റിലെ ഒരു വിദ്യാർത്ഥിനി—നീന പ്രസാദ്—ഹൃദയഹാരിയായി നൃത്തം ചെയ്യുന്നു. ആ കുട്ടിയുടെ ചലനങ്ങൾ ഭാവാത്മകങ്ങളായിരുന്നു. രമണീയങ്ങളായിരുന്നു. അതിസൂക്ഷ്മവും സുനിശ്ചിതവും എന്നു പറയാൻ വയ്യ. കൊച്ചുകുട്ടിയല്ലേ? പരിചയവും അഭ്യാസവും കൂടുമ്പോൾ ആ ഗുണങ്ങളും ഈ കുട്ടിക്കു കിട്ടിക്കൊള്ളും. നീന പ്രസാദിന്റെ നൃത്തം അസുലഭമായ ഒരനുഭവം എനിക്കു പ്രദാനം ചെയ്തു. ഈ കുട്ടിയുടെ പേരിൽ നമുക്ക് അഭിമാനം കൊള്ളാം.

ലാക്ഷണിക കഥ



പ്ലോട്ടിനസ്

‘അലിഗറി’ യാന്ത്രികമാണ്, നിശ്ചേതനമാണ്. പ്രതിരൂപാത്മകത്വം ചലനാത്മകമത്രേ. അതിനു മൂല്യമുണ്ട്. ജീവിതത്തോടു ബന്ധമുണ്ട്. പ്രതിരൂപാത്മകത്വം പല അർത്ഥങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അലിഗറി ഒരു അർത്ഥം മാത്രം ചൂണ്ടിക്കാണിച്ചു തരുന്നു. മറ്റൊരുതരത്തിൽ പറയാം. രാജ്യത്തിന്റെയും സൈന്യത്തിന്റെയും രഹസ്യങ്ങൾ മറ്റുള്ളവർ അറിയാതിരിക്കാൻവേണ്ടി ഒരുതരത്തിലുള്ള പ്രച്ഛന്ന രചന—ക്രിപ്റ്റോഗ്രഫി—സ്വീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. അതുപോലെയൊരു പ്രച്ഛന്നരചനയാണ് അലിഗറി. ജീവിതത്തിന്റെ മഹാദ്ഭുതമോ മനസ്സിന്റെ സങ്കീർണ്ണതകളോ അനാവരണം ചെയ്യാൻ ഇത് അസമർത്ഥമാണ്. ‘ചന്ദ്രിക’ വാരികയിൽ രാഘവൻ പുന്നശ്ശേരി എഴുതിയ “വീട്” വിരസമായ അലിഗറിയാണ്. ഇടിഞ്ഞുവീഴാറായ വീട്. അതു കുടക്കൂടെ നന്നാക്കി വീട്ടുകാർ താമസിക്കുന്നു. ജീർണ്ണിച്ചുവരുന്ന രാജ്യത്തിന്റെ പ്രതീകമായിട്ടാണ് വീട് സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. മൂല്യമില്ലാത്ത, അഗാധതയില്ലാത്ത വിരസമായ ലാക്ഷണിക കഥ.

കണ്ണ് ഒരളവിൽ സൂര്യനായി മാറിയില്ലെങ്കിൽ ആ കണ്ണുകൊണ്ട് സൂര്യനെ കാണാൻ പറ്റുകയില്ലെന്നു പ്ലോട്ടിനസ്. താൻ ആലേഖനം ചെയ്യുന്ന രൂപമായി ചിത്രകാരൻ മാറിയില്ലെങ്കിൽ അയാൾക്ക് ആ രൂപം അന്യൂനമായി ആലേഖനം ചെയ്യാൻ കഴിയുകയില്ലെന്ന് ഡാന്റേ.

ഒരു പ്രശസ്തനായ ചിത്രകാരൻ പറഞ്ഞു: “സാഹിത്യവാരഫലക്കാരന് കുറ്റം പറയുകയാണ് ജോലി.” ഇങ്ങനെ അഭിപ്രായപ്പെട്ട ചിത്രകാരൻ കേരളത്തിലെ എല്ലാ വാരികകളും വായിച്ചിട്ട് ഇതുപോലെയൊരു പംക്തി എഴുതട്ടെ. അദ്ദേഹത്തിന് ഇതിലുമധികം കുറ്റം പറയേണ്ടതായി വരും എന്നതിന് ഒരു സംശയവുമില്ല.

കഴുതസ്വരം, പിക്കാക്സ്

ഡാന്റേ

ഭാര്യയും ഭർത്താവും രണ്ടുപേരുടെയും ദ്വിതീയ വിവാഹമാണ്. അവളുടെ ആദ്യത്തെ ഭർത്താവിലുണ്ടായ മകൻ അയാളെ അപമാനിക്കുന്നു. മകൻ അമ്മുമ്മയുടെ വീട്ടിൽ പ്പോയി. അതോടെ അവൾക്കു ദുഃഖം. ദുഃഖത്തിന്റെ കാരണമറിഞ്ഞ് അയാൾ അവനെ തിരിച്ചുവിളിച്ചുകൊണ്ടുവരുന്നു. അതോടെ ഹർഷോന്മാദം. ഇതാണ് ‘സഖി’ വാരികയിൽ അമ്പലപ്പുഴ വേണു എഴുതിയ “ഗ്രീഷ്മവർഷം” എന്ന കഥ—ഹാർമ്മോണിയത്തിന്റെ ഒരു കട്ട താഴ്ത്തുമ്പോൾ ഗർദ്ദഭരവും രണ്ടാമത്തെ കട്ട താഴ്ത്തുമ്പോൾ മൂങ്ങയുടെ മൂളലും മൂന്നാമത്തെ കട്ട താഴ്ത്തുമ്പോൾ തവളയുടെ ശബ്ദവും കേട്ടാൽ എങ്ങനെയിരിക്കും? ഭാഷ എന്ന സംഗീതോപകരണത്തിലെ കട്ടകൾ താഴ്ത്തി അമ്പലപ്പുഴ വേണു നമ്മളെ പേടിപ്പിക്കുന്നു.

അവളെ കാണാൻ അയാൾ ഹോസ്റ്റലിൽ ചെന്നു. അവർ അന്യോന്യം അനുരക്തർ. പക്ഷേ, അയാൾക്ക് ജോലിയുണ്ടെങ്കിലേ അവൾ വിവാഹം കഴിക്കാൻ സന്നദ്ധയാകൂ. മിടുക്കിയെന്നു പറഞ്ഞ് അയാൾ നടന്നകലുന്നു. ഇത് ‘പൗരദ്ധ്വനി വാരികയിൽ തോമസ് കുട്ടി ചെങ്ങേരിൽ എഴുതിയ “സ്നേഹമാണ് പക്ഷേ…” എന്ന കഥ—ചെക്കോവും മോപസാങ്ങും തോമസ് കുട്ടിയും സദൃശരാണ്. മൂന്നപേരെയും അമ്മമാരാണ് പ്രസവിച്ചത്. ആ വിധത്തിൽ സാദൃശ്യം. ഒരു കാര്യത്തിൽ ചെറിയ വ്യത്യാസവും. റഷ്യാക്കാരനും ഫ്രഞ്ചുകാരനും തങ്ങളുടെ തൂലികകൊണ്ട് മനോരഞ്ജകങ്ങളായ ചിത്രങ്ങൾ വരച്ചു. കേരളിയൻ തൂലിക പിക്കാക്സാക്കി ഭാഷയാകുന്ന പറമ്പ് കിളച്ചു മറിക്കുന്നു.

മനോരാജ്യം വാരികയിൽ (ലക്കം 15) “കാരൂർ ഫലിതങ്ങൾ”—അനുഗൃഹീതനായ ആ കഥാകാരന് നർമ്മബോധം തീരെയില്ലായിരുന്നുവെന്ന് വിജയം രവി തെളിയിക്കുന്നു.

കഞ്ഞിത്തോമാച്ചൻ ചെറുപ്പത്തിൽ വലിയ ചട്ടമ്പിയായിരുന്നു. പ്രായമായപ്പോൾ നാക്കിൽ ക്യാൻസർ വന്നു. നാക്കിന്റെ അറ്റം മുറിച്ചു. അയാൾ എതിർത്തിരുന്ന വീട്ടുകാരിൽ ഒരു സ്ത്രീ അയാൾക്കു പത്തു രൂപ കൊടുക്കുന്നു. ‘ദേശാഭിമാനി’ വാരികയിലെ “അസ്തമയത്തിനു മുൻപ്” എന്ന കഥയാണിത്. സി. പി. ഓമന എഴുതിയത്—ഈ ലോകത്തുള്ള ഏതു മനുഷ്യനെ വേദനിപ്പിക്കുന്നതാണ്. കഥ മാത്രം വേദനിപ്പിക്കാതിരിക്കുന്നതെന്തിന്?

രണ്ടു തലങ്ങൾ

കഥ പറയുന്ന ആളിന്റെ വീട്ടിനടുത്ത് മൂന്നു സന്ന്യാസിനിമാർ വന്നു താമസിക്കുന്നു. അവരിൽ ഒരാൾ അയാളുടെ കൂടെപ്പഠിച്ച രുക്മിണി. സ്കൂളിൽ വച്ചു കാലുരുമ്മിയിരുന്നവർ രണ്ടുപേരും. ആ സന്ന്യാസിനിമാരുടെ കണ്ണുകൾ കാക്ക കൊത്തിപ്പറിക്കുമ്പോൾ ശത്രുഘ്നൻ കലാകൗമുദിയിലെഴുതിയ “സന്ധ്യകളും സന്ന്യാസിനിമാരും” എന്ന ചെറുകഥ അവസാനിക്കുന്നു. രണ്ടു സത്യങ്ങളുണ്ട് ഇക്കഥയിൽ. ഒന്നു കണ്ണുകൊത്തി പറിക്കുന്നതിനോടു ചേർന്ന പ്രതിരൂപാത്മക സ്വഭാവമാർന്ന സത്യം. രണ്ടാമത്തേത് യാഥാർത്ഥ്യത്തിന്റെ തലത്തിലുള്ള സത്യം. രണ്ടും ഒരുമിച്ചു ചേരാതെ നില്ക്കുന്നതുകൊണ്ട് കഥയുടെ വിശ്വാസ്യത എന്ന ഗുണം നഷ്ടപ്പെടുന്നു.

ഐൻസ്റ്റൈൻ കളിമുറിയിൽ നിന്നിറങ്ങിയപ്പോൾ ഒരു ജൂതൻ അതിനകത്തേക്കു കയറി. അയാളോട് വേറൊരു ജൂതൻ പറഞ്ഞു: “അങ്ങനെ ഒരു കൊല്ലം കഴിഞ്ഞു അല്ലേ സുഹൃത്തേ.” (ജൂതന്മാർ വർഷത്തിലൊരിക്കലേ കുളിക്കൂ എന്നു സൂചന.)

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.